# മർമ്മരം

2024 ഡിജിറ്റൽ മാഗസിൻ



ലിറ്റിൽ കൈറ്റ് ക്ലബ്

## സിഎംസി ബോയ്സ് ഹൈസ്കൂൾ
## എലത്തൂർ,കോഴിക്കോട്

# ഉള്ളടക്കം



സ്കൂൾ ചരിത്രം
കവിതകൾ
കഥ
ചിത്രങ്ങൾ
കടങ്കഥകൾ
പഴഞ്ചൊല്ലുകൾ
കുസൃതി ചോദ്യങ്ങൾ




2

# ആമുഖം

വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്ത
സാധ്യതകൾ അസാധ്യമായി എണ്ണിയിരുന്ന
പലതിനെയും സാധ്യമാക്കിയിരുന്നു .ഈ
മാറ്റത്തിന് ഒപ്പം സാങ്കേതിക വിദ്യയുടെ
ലോകത്തേക്ക് കുട്ടികളെ കൈപിടിച്ചുയർത്തുന്ന
ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ
തയ്യാറാക്കുന്ന ഈ കൊച്ചു മാഗസിനിൽ
ഞങ്ങളുടെ സ്കൂളിന്റെ
ചരിത്രം,കവിതകൾ ,കഥ,കൊച്ചുകലാകാരന്മാർ
തയ്യാറാക്കിയ ചിത്രങ്ങൾ തുടങ്ങിയ
ഉൾപ്പെടുത്തിയിരിക്കുന്നു .






3

# <u>സ്കൂൾ ചരിത്രം</u>

കോഴിക്കോടിനും കൊയിലാണ്ടിക്കും ഇടയ്ക്കുള്ള പ്രദേശങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വിരളമായിരുന്നു . മുൻകാലത്ത് സമ്പന്നരായ ചിലർക്ക് മാത്രമേ തങ്ങളുടെ കുട്ടികളെ ഹൈസ്കൂളിലേക്കയക്കാൻ സാധിച്ചിരുന്നുള്ളൂ. ആ സ്ഥിതിക്ക് മാറ്റം വരുത്താൻ ദൃഢനിശ്ചയം ചെയ്ത് വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന തൻെറ ദേശത്ത് മാതൃകാപരമായ ഒരു വിദ്യാഭ്യാസ സ്ഥാപനം പടുത്തുയർത്താമെന്ന അഭിവാഞ്ചയോടെ ശ്രീ സി എം ചെറിയേക്കൻ അവർകൾ 1932 ൽ ഗവൺമെൻറ് നിർത്തലാക്കാൻ ഉദ്ദേശിച്ചിരുന്ന ആദി ദ്രാവിഡ വിദ്യാലയം ഏറ്റെടുത്ത് ആത്മപ്രബോധിനി എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു . 1945 ൽ മദ്രാസ് ഗവൺമെൻറിൻെറ അംഗീകാരത്തോടെ സി എം സി ഹൈസ്കൂൾ മാനേജിങ്ങ് കമ്മിറ്റി റജിസ്റ്റർ ചെയ്യപ്പെട്ടു . ആ വർഷം തന്നെ ജൂൺ 25ാം തിയ്യതി 283 വിദ്യാർത്ഥികളും 6 അധ്യാപകരുമായി ആത്മപ്രബോധിനി കെട്ടിടത്തിൽ സി എം സി ഹൈസ്കൂൾ ഉദ്ഘാടനം ചെയ്യപ്പെട്ടു . 1949 ലാണ് ഇവിടെ നിന്ന് ഒന്നാമത്തെ ബാച്ച് വിദ്യാർത്ഥികൾ എസ് എസ് എൽ സി പരീക്ഷക്കിരുന്നത് . 1969 ആയപ്പോഴേക്കും പെൺകുട്ടികളുടെ മാത്രം എണ്ണം ആയിരത്തിലധികമായി . ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ഹൈസ്കൂൾ അനുവദിക്കണമെന്ന നിവേദനം 1973 ൽ അംഗീകരിച്ചതോടെ ആ വർഷം ജൂണിൽ സി എം സി ബോയ്സ് ഹൈസ്കൂൾ സിഎംസി ഗേൾസ് ഹൈസ്കൂൾ , എപി എൽ പി സ്കൂൾ എന്നീ മൂന്ന് വ്യത്യസ്ത സ്ഥാപനങ്ങളുണ്ടായി . ഇന്ന് എലത്തൂരിൻെറ മേൽവിലാസമായി സി എം സി വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറി . ബോയ്സ് ഹൈസ്കൂളിൻെറ ഹെഡ്മിസ്ട്രസ് കെ ജയന്തി ടീച്ചറും, ഗേൾസ്ഹൈസ്കൂളിൻെറ ഹെഡ്മിസ്ട്രസ്സ് പി ഗീത ടീച്ചറും, എ പി എൽ പി സ്കൂളിൻെറ ഹെഡ്മിസ്ട്രസ് എ പ്രമീള ടീച്ചറും ആണ് .



# കോരപ്പുഴ

പുഴയും കടലും ഒന്നിക്കുന്നു
എത്ര മനോഹരമീക്കാഴ്ച ...
അതിനടുത്ത തുരുത്തുകളിൽ
പാൽക്കടൽ പോലെ കൊക്കുകളും
സുന്ദരമായ കാറ്റിൽ...
തെങ്ങോലകൾ നൃത്തം ചെയ്യുന്നു.



സജിൻദാസ് 9 B

# എന്റെ സൈക്കിൾ

ഇന്ധനമില്ലാതെ

ഓടും വണ്ടി.

കാലുകൾ രണ്ടും

ചാലിച്ചീടുന്നു ....

ചക്രം രണ്ടെ

ഉള്ളൂ വണ്ടിയ്ക്ക് .

സൈക്കിൾ എന്നൊരു ...

കുഞ്ഞു വണ്ടി .

അജയ് ദേവ് ശിവ 9 A

# മാങ്ങ മനസ്സ്

വഴുത്തു മഞ്ഞയായി കൊതിവരുന്ന മണവുമായി ആ മാമ്പഴം മാവിലങ്ങനെ തൂങ്ങിയാടുമ്പോൾ അത് ആ ബാല്യകാലം ഓർത്തു.ഉണ്ണിമാങ്ങയായിരുന്നപ്പോൾ വീട്ടിലെ കുഞ്ഞു പിള്ളേരൊക്കെ തന്നെ നോക്കി നിന്നിരുന്നത്.ഇളം കാറ്റടിക്കുമ്പോൾ തനിക്ക് ഒരു ചെറിയ കുളിരനുഭവപ്പെടുന്നത് എല്ലാം...ഇപ്പോഴിതാ താനൊരു മാമ്പഴമായി മാറിയിരിക്കുന്നു.ഇനി മണ്ണിലേയ്ക്കുള്ള യാത്ര.മാങ്ങ മനസെന്നതു പോലെ തന്നിലേക്ക് ഒരു ഇളംകാറ്റടിക്കുകയും ചെയ്തു.ആരുടെയോ വരവിനായി മണ്ണോടു ചേർന്ന് കിടക്കുമ്പോൾ നേരം സന്ധ്യയായിരുന്നു.

കാർത്തിക് പി കെ 10 A

# മുറിവ്

ഉറപ്പാണ്
വെറുപ്പ് ഒരു വന്യമൃഗം തന്നെ ..
അപ്രതീക്ഷിതമായി
ആക്രമിക്കും
കടിച്ചു കുടയും
മാന്തിക്കറും...
എന്നാൽ
ഒരു വെറുപ്പും തന്നിട്ടുണ്ടാവില്ല
സ്നേഹം ഏല്പിച്ചതിനോളം
ആഴമുള്ള മുറിവ്

സിയാൻ അബ്ദുള്ള
8 B

# ഇറക്കം

ആയിരം
ദിനങ്ങൾ പോര
ആരുടെയെങ്കിലും
ഹൃദയത്തിൽ
ആരെങ്കിലുമായി...
കയറി വരൻ...
പക്ഷെ
അര ദിവസം പോലും വേണ്ട
ആരെയും
ആരുമല്ലാതാക്കി
ഇറങ്ങിപ്പോവാൻ..

സൂര്യനന്ദ് കെ ടി 9 B



വര : മുഹമ്മദ് അഫീദ്
6 B



**വര: ശ്രീഹരി എം ടി**
**6 B**



11




**വര: മുഹമ്മദ് അഫീദ്**

**6B**



12

# കുട്ടികൾക്കായി നടത്തിയ ഏകദിന ചിത്രരചന പരിശീലന ക്യാമ്പ്





13

# ഞങ്ങളുടെ പേപ്പർ ക്രാഫ്റ്റ് വർക്കുകൾ



റിയാൻഷാന്ത്,അമൽ,കാശിനാഥൻ,സഹദ്

6 A

# ഞങ്ങൾ വരച്ച ചിത്രങ്ങൾ സ്കൂളിലെ ആർട്ട് ഗാലറിയായ കളേഴ്സ് ആർട്ട് ഗാലറിയിൽ പ്രദർശനം നടത്തി







15

# കടംകഥകൾ

ഞാൻ പെറ്റ കാലം മീൻ പെറ്റ പോലെ
വാലറ്റ കാലം ഞാൻ പെറ്റ കാലം
ഉത്തരം - തവള
മുറ്റത്തുണ്ടൊരു പോലീസേതോ
കളവ് തേടി നടക്കുന്നു
ഉത്തരം - കോഴി
എഴുത്തുണ്ട് , പുസ്തകമല്ല
ചിത്രമുണ്ട് , ചുവരല്ല
വട്ടത്തിലാണ് ചക്രമല്ല
ഉത്തരം - നാണയം
ഇല്ലിക്കൊമ്പത്തില്ലി
ക്കൊമ്പത്തീശാൻ മാപ്ല
തീ കായുന്നു
ഉത്തരം - മിന്നാമിനുങ്ങ്
അവിടെ കണ്ടു , ഇവിടെ കണ്ടു , പിന്നെ
കണ്ടില്ല
ഉത്തരം - മിന്നൽ
ഇലയില്ലാത്ത വള്ളിയിൽ
വെളിച്ചം തരും കായ
ഉത്തരം - ബൾബ്

മുഹമ്മദ് സിദാൻ വി ടി 8 B

# പഴഞ്ചൊല്ലുകൾ

കടലിലെ മത്തിക്ക് കാട്ടിലെ നെല്ലിക്ക
കടലിൽ ഇരുമ്പു കിടന്നാലും മനസ്സിൽ
ചൊല്ലുകിടക്കില്ല
മുട്ടോളം ... പിന്നെയും ചാടിയാൽ ചട്ടിയിൽ
കോരിയ കിണറ്റിലേ വെള്ളമൂറൂ
ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
ചാഞ്ഞ മരത്തിൽ ഓടിക്കയറാം
ചിന്ത ചിത വിരിക്കം
ചുക്കില്ലാത്ത കഷായമില്ല
ചോതികഴിഞ്ഞാൽ ചോദ്യമില്ല
തിരുവോണം തിരുതകൃതി
ഞാറായാൽ ചോറായി
തൻ വീട്ടിൽ താൻ രാജാവ്
തീയില്ലാതെ പുക ഉണ്ടാവില്ല
നല്ല തെങ്ങിനു നാല്പതു മടൽ
നാഥനില്ലാക്കളി വട്ടക്കളി
നാലോണം നക്കിയും തുടച്ചും

മുഹമ്മദ് സിയാൻ 9 B

# കുസൃതിചോദ്യങ്ങൾ

ആരും ഇഷ്ടപ്പെടാത്ത ദേശം ?
ഉപദേശം

വിശപ്പുള്ള രാജ്യം ?

കടയിൽ നിന്ന് വാങ്ങാൻ പറ്റാത്ത ജാം ?

ട്രാഫിക്ക് ജാം

തേനീച്ച മൂളുന്നതെന്തുകൊണ്ട് ?

അതിന് സംസാരിക്കാൻ പറ്റാത്തത് കൊണ്ട്

ചിരിക്കുന്ന ഇംഗ്ലീഷ് അക്ഷരം ഏതാണ് ?

ഇ ( E )

താമസിക്കാൻ പറ്റാത്ത വീട് ?

ചീവീട്

സൂര്യ .എസ് 8 B